ഗവ.ഹയർ സെക്കന്ററി സ്കൂൾ പെരിങ്ങോം,

പെരിങ്ങോം പി.ഒ,കണ്ണൂർ ജില്ല.

School code :13104

Email: peringome13104@gmail.com



# കുട്ടിപ്പട്ടങ്ങൾ

# ഉള്ളടക്കം


ആശംസ 3
'അത് മാഷ് കൊടുക്കണം' 4
സ്നേഹ നൊമ്പരം 5
അമ്മ 6
കരുതൽ 7
മുല്ലയും ഞാനും 8
തത്തയും കൂട്ടുകാരും 9
ഒരു പച്ച തത്തമ്മ 9
മോഹം കൊണ്ടു തീർത്തൊരു പെൺശില 10
അനാഥ ബാല്യം 11
സ്നേഹം 13
പൂവും കുട്ടിയും 14
ലഹരി എന്ന വിപത്ത് 15
പ്രളയം 16
വരയും കുറിയും 17
സൗഹൃദം 18
തത്തയുടെ അത്യാഗ്രഹം 18
എന്റെ വര 19
കാർട്ടൂൺ 20
മോഹനേട്ടൻ 21
എന്റെ ക്യാമ്പനുഭവം 23
അണയാത്ത മോഹം 24
ലഹരിക്കെതിരെ 25
കുത്തിവര 26
2018 - ഒരു പാഠം 28
ഒറ്റപ്പെടൽ 29
മറക്കാനാവാത്ത ക്യാമ്പ് 31
നന്ദി 34

# ആശംസ



മാറുന്ന കാലഘട്ടത്തിനനുസരിച്ച് , ഐടി പഠനത്തിന് പ്രോത്സാഹനം നൽകുന്നതിനായി  പെരിങ്ങോം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ് ക്ലബ്ബ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന്  എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ വി എം ഉണ്ണികൃഷ്ണൻ,
(പ്രസിഡന്റ്,പെരിങ്ങോം വയക്കര പഞ്ചായത്ത്)



കുട്ടികളുടെ സാങ്കേതികവും സർഗ്ഗപരവുമായ ശേഷികൾ വികസിക്കട്ടെ. നന്മകളോടെ നന്നായി പഠിച്ചു വളരട്ടെ. എഴുതിയും വരച്ചും പുതുലോകം അടയാളപ്പെടുത്തട്ടെ. ലിറ്റിൽ കൈറ്റ്സ് മാഗസിന് ആശംസകൾ.

ശ്രീ ഷജീർ ഇഖ്ബാൽ
( വാർഡ് മെമ്പർ)

ഐ.ടി രംഗം അതിവേഗ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുമ്പോൾ, കുട്ടികളിൽ കമ്പ്യൂട്ടർ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും സർഗ്ഗ-സാഹിത്യ വാസനകൾ വലർത്തുന്നതിനും വേണ്ടി , ലിറ്റിൽ കൈററ് ക്ലബ്ബിലെ കുട്ടികൾ തയ്യാറാക്കിയ "കുട്ടിപ്പട്ടങ്ങൾ" എന്ന മാഗസിന് ആശംസകൾ നേരുന്നു.



രജിത.എം
ഹെഡ്മിസ്ട്രസ്സ്

പെരിങ്ങോം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ ക്ലബ് , കുട്ടികളുടെ  സർഗ്ഗ രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന്  എല്ലാവിധ ആശംസകളും നേരുന്നു.



സുധീഷ്.പി
പ്രസിഡന്റ്,പി.ടി.എ

# 'അത് മാഷ് കൊടുക്കണം'

പ്രൈമറി അധ്യാപകനായ എന്റെ സർവ്വീസിന്റെ തുടക്കം മുതൽ മൂന്നാം ക്ലാസിലെ കുട്ടികളെയാണ് പഠിപ്പിക്കുന്നത്. പഠിച്ച സാമ്പത്തിക ശാസ്ത്രത്തിന്റെയും പഠിച്ചെടുത്ത മനശാസ്ത്രത്തിന്റെയും സിദ്ധാന്തങ്ങളൊക്കെയും വാക്കുകൾ കൊണ്ട് നിഷ്ഫലമാക്കുന്ന, കൊച്ചു വാല്യക്കാരെയും വാല്യക്കാരികളെയും എനിക്ക് പണ്ടേ ഇഷ്ടമാണ്.

കുറേ വർഷങ്ങളായി മൂന്നാം ക്ലാസ്സിലെ കുട്ടികൾക്ക് ചൊല്ലി കൊടുക്കുന്ന ചില കവിതകൾ ഉണ്ട്. അതിലൊന്നാണ് ഇ. ജിനന്റെ 'അവകാശികൾ ' എന്ന കവിത. പഴുത്തു വീഴുന്ന ഒരു മാമ്പഴത്തിൽ പുഴുവിനും ഉറുമ്പിനും വരെ അവകാശമുണ്ടെന്ന ലോകതത്വം വെളിവാക്കുന്ന കവിത. ഈ കവിത ക്ലാസിൽ ചൊല്ലി കൊടുക്കുമ്പോൾ എന്റെ മനസ്സിലേക്ക് കടന്നു വരുന്ന ഒരു അനുഭവമുണ്ട്.

കുറേ വർഷങ്ങൾക്കു മുമ്പ് അമൽ എന്ന കുട്ടി പഠിച്ചിരുന്നു. ഇസ്തിരിയിട്ട് വടിവൊത്ത് ഷർട്ടും പാൻസും ധരിച്ച് വടിവൊത്ത മലയാള ഭാഷ സംസാരിക്കുന്ന കുട്ടിയായിരുന്നു അമൽ. ചന്ദനക്കുറിയുമിട്ട് സദാ ചുണ്ടിൽ പുഞ്ചിരിയുമായി നടക്കുന്ന അവൻ ഒരു ദിവസം തവിലെ തനിക്ക് വീണ് കിട്ടിയ 20 രൂപയുമായി അടുത്തേക്കു വന്നു. പണം വാങ്ങി അത് ഹെഡ്മാസ്റ്റർ നമ്പൂതിരി സാറിനെ ഏല്പിച്ചു.

ഞാൻ അവന്റെ സത്യസന്ധതയെ അഭിനന്ദിച്ചു കളയാമെന്ന് കരുതി ഗോപിയേട്ടന്റെ കടയിൽ പോയി ഒരു പാക്കറ്റ് ക്രയോൺ വാങ്ങിച്ചു. അന്നു നടന്ന അസംബ്ലിയിൽ ഹെഡ് മാസ്റ്റർ ആ എളിയ ഉപഹാരം നൽകി അവന്റെ നല്ല പ്രവൃത്തിയെ 'അഭിനന്ദിക്കുകയും ചെയ്തു. അവൻ അസംബ്ലിയിൽ തെളിഞ്ഞു നിൽക്കുകയും കരഘോഷത്തോടെ മറ്റ് കുട്ടികൾ അഭിനന്ദനമറിയിക്കുകയും ചെയ്തു. കുട്ടികൾ ക്ലാസ്സിലേക്ക് മടങ്ങി . ഞാൻ ഓഫീസ് റൂമിൽ നിന്നും രജിസ്റ്ററുമായി ക്ലാസ്സിലേക്ക് പോകുന്ന വഴി,വാതിൽക്കൽ നിന്ന് അമലിന്റെ നീട്ടിയുള്ള വിളി.

"മാഷേ, ഞാൻ മാഷിന് എത്ര രൂപയാണ് തന്നത് ?"

"20 രൂപ. "ഞാൻ പറഞ്ഞു "ഈ ക്രയോണിന് എത്രയാ വില ?"

"5 രൂപ." "ബാക്കി 15 രൂപ എവിടെ?"

ഞാൻ അല്പം പരുങ്ങി.രണ്ട് വർഷം മുമ്പ് ഒരു കുട്ടിക്ക് 50000 രൂപ കളഞ്ഞു കിട്ടിയതും സ്കൂളിൽ എൽപിച്ച് യഥാർത്ഥ ഉടമസ്ഥനെ കണ്ടെത്തി അദ്ദേഹത്തിന് തുക കൈമാറിയതുമായ സംഭവം അവനോട് പറഞ്ഞു. അന്നത്തെ സമ്മാനമായി മുഴുവൻ തുകയും കുട്ടിക്ക് നൽകിയിരുന്നുവെങ്കിൽ ഉടമയ്ക്ക് എങ്ങനെ പണം നൽകും എന്നു ചോദിച്ചു.യാതൊരു ഭാവഭേദവുമില്ലാതെ അത് 'മാഷ് നൽകണം' എന്ന് പറഞ്ഞ് അമൽ ചിരിച്ചു. നിഷ്കളങ്കമായ മറുപടി കേട്ട് ഞാൻ എന്റെ 'മൂന്നാം ' ലോക രാജ്യത്തിലേക്ക് പറ പറന്നു.

രാജേഷ് പി.വി
(അധ്യാപകൻ)

# സ്നേഹ നൊമ്പരം

കുറേ വർഷങ്ങൾക്കു മുമ്പ് എനിക്കുണ്ടായ ഒരു അനുഭവമാണ് ഞാനിവിടെ പറയുന്നത് .സുന്ദരമായ ഗ്രാമത്തിലെ ഒരു സരസ്വതീ ക്ഷേത്രം .വയലും പുഴയും തോപ്പുകളുമായി മനോഹരമായ ഗ്രാമം. നിഷ്കളങ്കരും, സ്നേഹം നിറഞ്ഞു തുളുമ്പുന്ന സുന്ദരികളും സുന്ദരന്മാരുമായ കൊച്ചുകുട്ടികൾ. അവരുടെ കുസൃതികളും കൊഞ്ചലുകളും എല്ലാം എല്ലാവർക്കും ഇഷ്ടമാണ് .

എന്റെ വീട്ടിൽ നിന്ന് വളരെ അകലെയായുള്ള സ്കൂൾ ആയതുകൊണ്ട് തന്നെ ഒരു വർഷം മാത്രമേ ഞാൻ ആസ്കൂളിൽ ജോലി ചെയ്തിരുന്നുള്ളൂ. എല്ലാ സഹപ്രവർത്തകരും വളരെ നല്ലവരും സ്നേഹമുള്ളവരും ആയിരുന്നു.

കുറച്ചു കൂടി അടുത്തുള്ള സ്കൂളിലേക്ക് ഞാൻ പിറ്റേ വർഷം ട്രാൻസ്ഫർ അഭ്യർത്ഥിച്ചു. സ്ഥലംമാറ്റം ലഭിക്കുകയും ചെയ്തു. അങ്ങനെ സ്കൂളിന്റെ പടിയിറങ്ങി. അപ്പോൾ അഞ്ചാം ക്ലാസിൽ പഠിക്കുന്ന ഒരു സുന്ദരിക്കുട്ടി ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ച് കവിളിൽ ചുംബിച്ചിട്ട് കരഞ്ഞുകൊണ്ട് ഓടി ക്ലാസ്സിലേക്ക് പോയി.

ആ ഒരു നിമിഷം എനിക്കെന്റെ നിയന്ത്രണം വിട്ടു. അടക്കിപ്പിടിച്ചിരുന്ന എൻറെ സങ്കടം കണ്ണീരായി ഒഴുകുവാൻ തുടങ്ങി. കുറച്ചുനിമിഷം കണ്ണീരോടെ ഞാൻ ആ പിഞ്ചോമനയെ നോക്കി നിന്നു. പലപല സ്കൂളുകളിൽ മാറിമാറി ജോലി ചെയ്തുവെങ്കിലും ഇന്നും ഞാൻ ഇടക്കൊക്കെ ആ കുട്ടിയെ കുറിച്ച് അവളുടെ നിഷ്കളങ്കമായ സ്നേഹത്തെക്കുറിച്ച് ഓർക്കാറുണ്ട് .ആ കുട്ടിയുടെ മുഖം ഒരിക്കലും എന്റെ മനസ്സിൽ നിന്നും മാഞ്ഞുപോകാതെ നിലനിൽക്കും. വിതുമ്പുന്ന ഓർമ്മയായി സ്നേഹമായി.. നൊമ്പരമായി.

ചന്ദ്രിക. കെ
(അധ്യാപിക)



# അമ്മ

അമ്മതൻ മടിയിലിരുന്നാൽ
മനസ്സിനൊരാനന്ദം
അമ്മതൻ പുഞ്ചിരി
മനസ്സിനൊരു കുളിര്
നമുക്ക് വേണ്ടി അമ്മയുടെ ജീവിതം
ബലിയർപ്പിക്കുന്നു.
ഓർമ്മയുടെ ചില്ലകളിൽ പുഞ്ചിരി
പൊഴിക്കയാണമ്മ
നന്മയുട ആദ്യാക്ഷരങ്ങൾ ചൊല്ലി പഠിപ്പിച്ച
ഗുരുനാഥയാണെനിയ്ക്കമ്മ
പരിധികളുൾകൊണ്ട് സ്വാന്തനം നൽകി
കാവലാണെനിക്കമ്മ
അമ്മതൻ വാക്കുകൾ ജീവിതത്തിൽ
എന്നും വെളിച്ചമായി നിൽക്കും.

ഫാത്തിമത്ത് റഫ പി.
8 ബി.



അൽഡിനോ എം റോയ്
4B

# കരുതൽ

ഒരു നാട്ടിൽ വിഘ്നേഷ് , രാജു എന്നീ രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു. സൈക്കിൾ ഓടിച്ച് ഉല്ലസിക്കലായിരുന്നു അവരുടെ പ്രധാന വിനോദം. അവർ സൈക്കിൾ ഓടിച്ച് നാട്ടിലെ പല വഴികളിലൂടെയും സഞ്ചരിക്കുമായിരുന്നു. വിഘ്നേഷ് എല്ലായ്പ്പോഴും അച്ഛൻ പറഞ്ഞതനുസരി ച്ച് മുൻകരുതലായി ഹെൽമെറ്റ് ധരിക്കാറുണ്ടായിരുന്നു. രാജു എപ്പോഴും അതേ കുറിച്ച് പറഞ്ഞ് വിഘ്നേഷിനെ കളിയാക്കാറുണ്ടായിരുന്നു.

ഒരു ദിവസം പതിവുപോലെ അവൻ സൈക്കിളോടിക്കുകയായിരുന്നു. പെട്ടെന്ന് പൂച്ചയുടെ പിറകെ ഓടിയ ഒരു പട്ടി ഇവരുടെ മുന്നിൽ പെട്ടു. പെട്ടെന്ന് രണ്ടു പേരും സൈക്കിൾ നിർത്താൻ ശ്രമിച്ചു. പക്ഷേ സൈക്കിളിൻ്റെ ബാലൻസ് തെറ്റി രണ്ടു പേരും അടുത്തുള്ള ഒരു കല്ലിൽ തലയിടിച്ചു വീണു. ഹെൽമെറ്റ് വച്ചതു കാരണം വിഘ്നേഷ് കൂടുതൽ പരിക്കിൽ പെടാതെ രക്ഷപ്പെട്ടു. എന്നാൽ രാജുവിന് പരിക്ക് കുറച്ച് സാരമുള്ളതായിരുന്നു. ഓടിക്കൂടിയ നാട്ടുകാർ അവനെ ഹോസ്പിറ്റലിൽ കൊണ്ടുപോയി ചികിത്സ നൽകി. രാജുവിനെ ഹോസ്പിറ്റലിൽ കാണാൻ വന്നപ്പോൾ വിഘ്നേഷ് രാജുവിനോട് ചോദിച്ചു നിനക്കിപ്പോൾ മനസിലായില്ലേ ഹെൽമെറ്റ് ഇട്ടതിൻ്റെ ഗുണം. അപ്പോൾ രാജു പറഞ്ഞു ഹാ എനിക്കു മനസ്സിലായി. ഇനി ഞാൻ ഹെൽമറ്റില്ലാതെ വണ്ടിയോടിക്കില്ല.

അർണവ്

6.ബി



ആദിത്യറാം
9B

# മുല്ലയും ഞാനും

രാവിലെ മുല്ലയിൽ മൊട്ടു കണ്ടു
ഞാനടുത്തെത്തിയപ്പോഴെന്നെ നോക്കി
പുഞ്ചിരി തൂകി നിന്നീടുന്നു.
എന്നിലാകാംക്ഷയുണർന്നു വന്നു,
പൂ വിരിയാനായി കാത്തുനിന്നു.
ഞാനങ്ങുമിങ്ങും പോയി വന്നു
എന്നിട്ടുമെൻ മുല്ലമൊട്ടു വിരിഞ്ഞില്ല.
ഉച്ചയായ്,സന്ധ്യയാവാറായി
എന്നിട്ടുമെൻമൊട്ടു വിരിഞ്ഞതില്ല .
സ്നാനം കഴിഞ്ഞുമ്മറത്തിരുന്നു
ഞാൻ ബാലപാഠങ്ങളുരുവിട്ടു
സന്ധ്യ കഴിഞ്ഞിട്ടുമെൻ മുല്ല-
മൊട്ടു മാത്രം വിരിഞ്ഞതില്ല .
ക്ഷീണിച്ചു ഞാനങ്ങു പോയി വന്നപ്പോഴും
രാത്രിയായ് അത്താഴം കഴിച്ചിട്ടും
പാതിരാവായായിട്ടുമെന്തേയെന്റെ
മുല്ലപ്പൂമൊട്ട് വിരിഞ്ഞതില്ല ..?
സങ്കടമായ് പിന്നെ , കോപമായി
തീരാനിരാശയുമായ് കിടന്നു
സ്വപ്നങ്ങളെല്ലാം നിലം പതിച്ചു .
പ്രഭാതസൂര്യൻ വിളിച്ചുണർത്തി
കാറ്റിൽ, മുല്ലപ്പൂഗന്ധം കടന്നുവന്നു.
പൂവതാ നോക്കി ചിരിക്കുന്നു മധുരമായ്
ആരു നിനക്കീ നിറമേകി ?
രാത്രിയെനിക്കീ നിറവും മണവും
കുഞ്ഞിനു നൽകാനായി തന്നൂ.

കൃഷ്ണേന്ദു. എസ് 7 B

# തത്തയും കൂട്ടുകാരും

ഒരു തത്തയെ വേട്ടക്കാരൻ പിടിച്ചു കൊണ്ടു പോയി. ഇതെല്ലാം ഒരു പൂച്ച കണ്ടു. വേട്ടക്കാരൻ കുളിക്കാൻ പോയി. ആ തക്കം നോക്കി പൂച്ച തത്തയെ കൂട്ടിൽ നിന്ന് പുറത്തു ചാടിച്ചു.



ഇതെല്ലാം കണ്ടു നിന്ന തത്തയുടെ കൂട്ടുകാർ പൂച്ചയെ കൊത്തി ഓടിച്ച് തത്തയെ രക്ഷിച്ചു.

ഗോകുൽ കൃഷ്ണ
1 എ

# ഒരു പച്ച തത്തമ്മ

ഒരു ദിവസം കാട്ടിൽ നിന്ന് ഒരു സുന്ദരിയായ പച്ചത്തത്തമ്മ പറക്കാൻ ഇറങ്ങി. പറന്നു പറന്നു തത്തമ്മയ്ക്ക് ക്ഷീണം തോന്നി. തത്തമ്മ  താഴേക്ക് നോക്കി. അവിടെ ദൂരെ ഒരു മാവ് കണ്ടു. തത്തമ്മ അവിടേക്ക് വേഗം പോയി. തത്തമ്മ അവിടെ എത്തി. ആ മരത്തിൽ ഇരുന്നപ്പോൾ തത്തമ്മയുടെ കാലിൽ ഉറുമ്പ് കടിക്കാൻ തുടങ്ങി. തത്തമ്മ  നോക്കിയപ്പോൾ ഒരു പപ്പായ മരം കണ്ടു. തത്തമ്മ അവിടേക്ക് പോയി. അവിടെ ഇരുന്നു നല്ല തണൽ കിട്ടി. തത്തമ്മയ്ക്ക് വിശപ്പ് തോന്നി. തത്തമ്മ പപ്പായ കഴിച്ചു. പിന്നെ തിരികെ പോയി

ആദിഷ് പി.കെ
5.ബി.

# മോഹം കൊണ്ടു തീർത്തൊരു

# പെൺശില

ആരെന്നറിയുവാൻ മോഹം

എൻ മനമതിൽ ആരെന്നറിയുവാൻ മോഹം.....

എന്നരികിൽ നീ ഉണ്ടായിരുന്നെങ്കിൽ

എത്രയോ ഞാൻ കൊതിച്ചു....

മൗനമൊരു മായാജാലം......

മൗനമെന്നിൽ തീർത്തുവല്ലോ കടലലകൾ.

മോഹത്തിൻ കടലലകൾ .....

പ്രാണനാണു നീ...മോഹമാണു നീ...

മോഹം കൊണ്ടു ഞാൻ തീർത്ത

പെൺ ശിലയാണു നീ......

എന്നും എന്റേതായി..മൗനമായി നീ..

യാമങ്ങളിൽ നീ മാത്രമായെൻ

സ്വപ്നത്തിൽ രാജകുമാരൻ നിന്നുടെ സന്ദേശങ്ങൾ

എന്നിലെ മോഹമുണർത്തും....

അന്നെന്റെ കരളിൽ നീ വന്നണഞ്ഞതല്ലേ.......

എന്നുമെന്നും മോഹമായി നീ.....

മൗനമെന്നിൽ തീർത്തുവല്ലോ

മോഹത്തിൽ കടലലകൾ ......

അന്നു നീ എന്നിലേ മോഹം

ഇന്നു നീ എന്നിലേ സ്വപ്നം

കയ്യെത്താ ദൂരത്തെ സ്വപ്നം.

നിന്നിലണയുവാൻ എത്രയോ

മോഹമിന്നെനിക്ക്

ആരെന്നറിയുവാൻ മോഹം

**ആൻ മരിയ**

**10 ബി**

# അനാഥ ബാല്യം

കടൽത്തിരകൾ അലതല്ലുന്ന ശബ്ദം. അത് സന്തോഷം കൊണ്ടോ ?... അതോ സങ്കടം കൊണ്ടോ ? -- അറിയില്ല. ബീച്ചിലെ ബെഞ്ചിൽ കടലിലെ അലയടികൾ ആസ്വദിച്ച് കൊണ്ട് അവനിരുന്നു. ചുറ്റും ഒന്നു കണ്ണോടിച്ചു. ആകാശത്തിന്റെ കണ്ണുകൾ കരഞ്ഞുകലങ്ങിയിരിക്കുന്നു. സൂര്യൻ വിടചൊല്ലി അകലുകയായി വിടപറയാനെത്തിയ ഇളം കാറ്റ് അവൻ്റെ കൺപീലികളെ തഴുകി ഓടി മറഞ്ഞു അടുത്തുള്ള ഒരു ഐസ്ക്രീം വണ്ടിയിൽ നിന്നും ഐസ്ക്രീം വാങ്ങി അമ്മയുടെയും അച്ഛന്റെയും കൂടെ പോകുന്ന സന്തോഷവാനായ ഒരു കുട്ടി. അതിൽ അയാളുടെ കണ്ണുകൾ തറച്ചു നിന്നു. ഓർമ്മകൾ കടലിരമ്പം പോലെ മനസിന്റെയുള്ളിൽ അലയടിച്ചു.

'തോമസ്. ജനിച്ചതും വളർന്നതും അനാഥാലയത്തിലായിരുന്നു. അവിടെയുള്ള കുട്ടികളോടൊപ്പം'. അമ്മയാര്? അച്ഛനാര് ? എന്ന ചോദ്യങ്ങൾ നിത്യവും അവന്റെ മനസിനെ വീർപ്പുമുട്ടിച്ചു. അനാഥാലയത്തിലെ സിസ്റ്റർമാരുടെ സ്നേഹത്തിലാണവൻ ജീവിച്ചതെങ്കിലും വളരുന്തോറും അവന്റെ മനസ്സിൽ ആ ചോദ്യം ഉരുണ്ടുകളിച്ചു. തന്റെ അച്ഛനാര് ? അമ്മയാര്? അങ്ങനെ ഒരു ദിവസം ഒമ്പതാം വയസ്സിൽ അവൻ ആരുമറിയാതെ അനാഥാലയത്തിൻ നിന്നും പുറത്തുചാടി. തന്റെ അച്ഛനേയും അമ്മയേയും കണ്ടെത്താൻ അവൻ്റെ പിഞ്ചു മനസ്സ് മറ്റൊന്നിനെയും പറ്റി ചിന്തിച്ചില്ല. തന്റെ ജീവിതം എങ്ങനെയാകുമെന്നോ, താനെവിടെ കഴിയുമെന്നോ, അച്ഛനമ്മമാരെ എങ്ങനെ കണ്ടെത്തുമെന്നോ ', ഒന്നും ....... ഒരു നിലാവുള്ള രാത്രിയിൽ അനാഥാലയത്തിൽ തന്റെ കൂട്ടുകാരെല്ലാം ഉറങ്ങിയ നേരം അവർ പുറത്തിറങ്ങി. അരണ്ട നിലാവെളിച്ചത്തിൽ ഇളം കാറ്റിന്റെ വിരലുകൾ അവനെ തഴുകി. ആ മങ്ങിയ വെളിച്ചത്തിൽ ഉയർന്നു കേട്ട ചീവിടുകളുടെ ശബ്ദം അവനെ ഭയപ്പെടുത്തിയെങ്കിലും അവനോടി തിരിഞ്ഞു നോക്കാതെ ഓടി. ഒടുവിൽ ഒരു ലോറി കണ്ണിൽ പെട്ടു. അതിൽ കയറി പട്ടണത്തിലെത്താമെന്ന് തീരുമാനിച്ചു. ഡ്രൈവർ സീറ്റിൽ ഉറക്കത്തിലാണ്. ആരുമറിയാതെ അവൻ ലോറിയുടെ പിറകിൽ കയറിയിരുന്നു. എപ്പോഴോ ആ തണുത്ത രാത്രിയിൽ നിദ്രയുടെ കൈകൾ അവനെ ആലിംഗനം ചെയ്തു "എടാ...എണീക്ക്.......അവൻ ഞെട്ടിയുണർന്നു. താനെവിടെ? എന്താണ് സംഭവിക്കുന്നത്? ഇതാര് ?

ഇങ്ങനെ തോമസിന്റെ മനസ്സിൽ നൂറായിരം ചോദ്യങ്ങൾ. അവന്റെ വലിയ മനോഹരമായ വെള്ളാരം കണ്ണുകൾ ചുറ്റും പരതി. പെട്ടെന്നാണ് മനസിലേക്ക് കഴിഞ്ഞ രാത്രിയുടെ ഓർമ്മകൾ ഓടിയെത്തിയത്. അവനോർത്തു..... ലോറി ഡ്രൈവർ വീണ്ടും ഒരു പരുക്കൻ സ്വരത്തിൽ തിരക്കി. നീ ആരാ.......എന്താ ഇതിൽ? എങ്ങനെ ഇതിൽ കയറി ?.......അവൻ ഭയന്നു വിറച്ചു. ഇയാൾ തന്നെ എന്തെങ്കിലും ചെയ്യുമോ? അവൻ ഭയത്തോടെ പറഞ്ഞു. : ഞാൻ .....എന്നെ ഒന്നും ചെയ്യല്ലേ ചേട്ടാ ... .ഞാൻ പൊക്കോളാം ..... ഇതു പറഞ്ഞ് അവൻ അവിടെ നിന്നും ഓടി . ഒടുവിൽ അവൻ നിന്നു. ചുറ്റും പല വലുപ്പത്തിലുള്ള കെട്ടിടങ്ങൾ .

പോം പോം........ ഒരു കാർ . അപ്പോഴാണ് ശ്രദ്ധിച്ചത് അവൻ റോഡിലാണ് നിൽക്കുന്നത്. അവിടെ നിന്ന് മാറി അവനൊരു ബസ് സ്റ്റോപിലേക്ക് മാറി നിന്നു. അവിടെ ഒരു ബസ് വന്നു നിന്നു. അതിൽ നിന്ന് പല വിധത്തിലുള്ള ആളുകൾ ഇറങ്ങി. അവനെല്ലാവരെയും വീക്ഷിച്ചു. കുറച്ചു നേരം അവിടെ അങ്ങനെ യിരുന്നു. എന്തു ചെയ്യും? എവിടെ പോകും? അച്ഛനെയും അമ്മയെയും എങ്ങനെ കണ്ടെത്തും?

സമയം കടന്നുപോയി ഉച്ചയായപ്പോൾ വിശപ്പ് പിടി മുറുക്കി. അവൻ അടുത്തുള്ള ഒരു ഹോട്ടലിൽ പോയി. കൈയ്യിൽ കാശില്ല. എങ്ങനെ ഭക്ഷണം കഴിക്കും. ഹോട്ടൽ ഉടമയോട് കാര്യം പറഞ്ഞു അയാൾ പറഞ്ഞു. നീ കഴിച്ചോടാ........ ഇവിടെ എന്നെ സഹായിച്ചാൽ മതി. എത്ര നാൾ വേണമെങ്കിലും നിന്നോ ...... ഞാൻ ഭക്ഷണം തരാം. അങ്ങനെ തോമസ് അവിടെ നിൽക്കാൻ തീരുമാനിച്ചു. വേറെ എന്തു ചെയ്യാൻ പണമില്ല .......

കൂടെയാരുമില്ല....... കിടക്കാൻ സ്ഥലമില്ല..... മാറിയുടുക്കാൻ തുണിയില്ല. അവൻ ആ ഹോട്ടലിൽ ഭക്ഷണം ടേബിളിൽ എത്തിച്ചും പാത്രങ്ങൾ കഴുകിയും കഴിഞ്ഞു. ശമ്പളം ഇല്ല. മാറിയുടുക്കാൻ ഒരു മുറിമുണ്ട്. കുളിക്കാൻ സോപ്പ്' . രാവിലെ കാപ്പിയും ഇഡ്ഡലിയും ..ഉച്ചയ്ക്ക് ചോറ്.രാത്രി കഞ്ഞി. ഇതായിരുന്നു അവിടെ ജോലി ചെയ്യുന്നതിന് അവനു കൂലി. ഹോട്ടൽ ഉടമ ഒരു ക്രൂരനായിരുന്നു സൂര്യൻ ഉദിക്കുമ്പോൾ പണികൾ നടക്കാൻ തുടങ്ങും രാത്രി വരെയും ഒരു ദാക്ഷിണ്യവുമില്ലാതെ ജോലി ചെയ്യിക്കും. അതിലൊരു തെറ്റ് പറ്റിയാൽ ക്രൂരമായി മർദ്ദിക്കും. ഒരു തവണ ആ പിഞ്ചുബാലനെ അയാൾ ശിക്ഷിച്ചത് തോമസിന്റെ ഓർമയിൽ ഒരുണങ്ങാത്ത മുറിവായി നില നിന്നു. താൻ ഒരാൾക്ക് കൊടുത്ത ഭക്ഷണത്തിൽ ഒരു മുടി കണ്ടു എന്ന പേരിൽ തന്നെ ക്രൂരമായി മർദ്ദിച്ചു. കാലിലും കൈയിലും ചുവന്ന ചോര കട്ട കെട്ടിയ പാടുകൾ' അവന്റെ കരച്ചിൽ വകവയ്ക്കാതെ അയാൾ അവനെ 'അടിച്ചു. നിലത്തിട്ട് തൊഴിച്ചു. ആ വേദനയിൽ അന്നു രാത്രി അവൻ അവിടെനിന്ന് ഓടിപ്പോയി. അവന്റെ മനസ് പഴയ അനാഥാലത്തിലേക്ക് ഓടിപോയി അവിടുത്തെ സിസ്റ്ററമ്മമാർ എത്ര പാവമായിരുന്നു.? എന്ത് സ്നേഹമായിരുന്നു.

ഓടി തളരും വരെ അവനോടി. ഒടുവിൽ അവനൊരു പുൽമേട്ടിൽ എത്തി. അവിടെ ഒരു മരച്ചുവട്ടിൽ ഇരുന്നു നേരം വെളുപ്പിച്ചു. രാവിലെ അവൻ ഉണർന്നത് ഒരു പശുവിന്റെ അമർച്ച കേട്ടാണ്. അവൻ കണ്ണുകൾ തുറന്ന് നോക്കിയപ്പോൾ മുമ്പിൽ ഒരാൾ തലമുടികൾ അവിടവിടെ നരച്ചിട്ടുണ്ട് പ്രസന്നമായ മുഖം കട്ടിമീശ, അവൻ അയാളെ തന്നെ നോക്കിയിരുന്നു. അയാൾ അലിവോടെ അവന്റെ മുഖത്തേക്ക് തന്നെ നോക്കി നിന്നു. തിരിച്ചും.

മോനേതാ? അയാൾ അലിവോടെ ചോദിച്ചു. അത് തന്റെ ക്രൂരനായ മുതലാളി യെ പോലെയുള്ള ശബ്ദമായിരുന്നില്ല. അവൻ പറഞ്ഞു : ഞാൻ തോമസ്. അവൻ്റെ മെലിഞ്ഞൊട്ടിയ രൂപവും കണ്ണുകളിലേക്കാണ്ടുപോയ വെള്ളാരം കണ്ണുകളും കണ്ട് അയാൾ തോമസിനെ തന്റെ വീട്ടിലേക്ക് കൊണ്ടു പോയി. ഭക്ഷണം കൊടുത്തു തോമസിന്റെ കഥകൾ കേട്ടയാൾ അവനെ സ്വന്തം മകനായി കണ്ടു വളർത്തി'. ആ

നമ്മയുടെ ആൾരൂപമായിരുന്നു ബാലു. തോമസിന്റെ ബാലു അച്ഛൻ . ബാലു അച്ഛൻ ഉള്ളപ്പോൾ തോമസ് അനാഥനല്ല. അയാൾ അവനെ സ്വന്തം മകനെ പോലെ കണ്ട് പഠിപ്പിച്ചു വളർത്തി. കാലങ്ങൾ കടന്നു പോയി തോമസ് വളർന്നു. യുവാവായി അവൻ പഠിത്തത്തിൽ മിടുക്കനായിരുന്നു. പഠിച്ച് പഠിച്ച് അവൻ വലിയ ഒരു ഡോക്ടർ ആയി. അവന്റെ ബാലുവച്ഛന്റെ ആഗ്രഹം പോലെ തന്നെ.

തന്റെ ഡ്യൂട്ടി കഴിഞ്ഞ് ബീച്ചിലേക്ക് വന്നിരുന്ന തോമസ് തന്റെ ബാല്യത്തെ പറ്റി വീണ്ടും ഓർത്തു ആരോരുമില്ലാതെ അനാഥാലയത്തിൽ വളർന്ന് '....... അച്ഛനെയും അമ്മയെയും തിരഞ്ഞിറങ്ങിയ ബാല്യം......... അനാഥ ബാല്യം' ' ആ വാക്ക് , അവന്റെ ഉള്ളിൽ മുഴങ്ങിക്കേട്ടു. നൂറായിരം വട്ടം ........

പൂജാകൃഷ്ണ
9 എ

# സ്നേഹം

സ്നേഹമാണ് ലോകം
ലോകമാണ് സ്നേഹം
അമ്മയെന്ന രണ്ടക്ഷരമാണ് സ്നേഹം
സ്നേഹമെന്ന വാക്കാണ് അമ്മ
അമ്മയെന്ന രണ്ടക്ഷരമാണ് സ്നേഹം
സ്നേഹമെന്ന വാക്കാണ് അമ്മ
സുഹൃത്തുക്കളെ സ്നേഹിക്കു
ഗുരുക്കൻമാരെ സ്നേഹിക്കു
ഭൂമിയിലുള്ള ചെറുപ്രാണികളെ സ്നേഹിക്കു
മൃഗങ്ങളെ സ്നേഹിക്കു
പക്ഷികളെ സ്നേഹിക്കു
സ്നേഹമാണ് ലോകം
ലോകമാണ് സ്നേഹം.

കൃതിക സുഭാഷ്
5 ബി

# പൂവും കുട്ടിയും

ഒരു പ്രഭാതമെങ്ങും പുലരുമ്പോൾ
എല്ലായിടത്തും പരന്ന സുഗന്ധം
എന്തെന്നറിയാതെ കുട്ടി.......
അവൾ എഴുന്നേറ്റ നോക്കിയപ്പോൾ
അത് അതിമനോജ്ഞം
ആ കുട്ടി അമ്മയോട് ചോദിക്കെ
അമ്മ പറഞ്ഞു പുഷ്പം ......
ആ പുഷ്പം ഏതാണെന്ന്
അമ്മയോട് ചോദിക്കെ
മുല്ല എന്ന പറഞ്ഞമ്മ.......
കുട്ടിക്ക ഹർഷം തോന്നി .....
കുട്ടിയും പുഷ്പത്തെ പോലെയാവണം
എന്ന അവൾക്ക് തോന്നി.....
മനോജ്ഞമായ പൂവേ ....
പുഷ്പം പുഷ്പ സഖികളോട്
കളിച്ച രാവിൽ .....
പുഷ്പം രാജ്ഞിയെ കണക്കെ
എന്ന്  കുട്ടിക്ക് തോന്നി
പിന്നെ അത് വാടി,കൊഴിഞ്ഞു...
കുട്ടിക്ക്  തീരാനോവായ് മാറി.....
നാളുകൾക്ക ശേഷം
പിന്നെയും പൂമൊട്ടുണ്ടായി ...
ദിവസങ്ങൾ കൊഴിഞ്ഞു
മുല്ലമൊട്ട് വിരിഞ്ഞു ....
എങ്ങും സുഗന്ധം വിടർന്നു....
സന്തോഷപ്പുഞ്ചിരി വിടർന്നു...
ആഹ്ളാദം കൊണ്ട് കുട്ടി ഉണർന്നു
ചാടി മുറ്റത്തെത്തി...
ഒന്നല്ല,രണ്ടല്ല,മൂന്നല്ല
അത്ഭുതത്തോടെ കൺ തുറന്നു....
മുല്ലപ്പൂക്കൾ പറിച്ച്, അമ്മ കോർത്തു മാല
മുടിയിൽ അണിയിച്ച കൊടുത്തമ്മ ......
എങ്ങും പുഞ്ചിരി വിടർന്നപ്പോൾ..

അനനന്ദ ആർ എസ്
7 ബി

# ലഹരി എന്ന വിപത്ത്

ഇന്നത്തെ സമൂഹത്തെ കാർന്നു തിന്നുന്ന ഒരു വിപത്താണ് ലഹരി. ഇതിനടിപ്പെട്ടാൽ പിന്നെ മോചിതനാകാൻ വളരെ പ്രയാസം ആണ്. ഇന്നത്തെ സമൂഹത്തിലെ മനുഷ്യനെ മനുഷ്യനല്ലാതെയാക്കി തീർക്കുന്ന ഒരു വിപത്താണ് ലഹരി.

ലഹരി എന്ന പദാർത്ഥം മിഠായി, ശീതളപാനീയങ്ങൾ, സൗന്ദര്യ വസ്തുക്കൾ എന്നിങ്ങനെ പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. ലഹരി നമ്മുടെ ശത്രുവാണെന്ന് തിരിച്ചറിയുക. ലഹരിയുടെ കെണിയിൽ പ്രധാനമായും വീഴുന്നത് കുട്ടികളാണ്. ഇതിലേക്ക് കുട്ടികളെ എത്തിക്കുന്നത് മുതിർന്നവർ തന്നെയാണ്.

ലഹരി ഉപയോഗിക്കുന്നത് പല സ്വഭാവ വൈകല്യങ്ങളും ഉണ്ടാക്കും. ഇതിനടിമപ്പെട്ടവർക്ക് മാതാപിതാക്കൾ എന്നോ സഹോദരങ്ങൾ എന്നോ ഉള്ള തിരിച്ചറിവ് നഷ്ടപ്പെടുന്നു. ലഹരിക്ക് അടിമയാക്കുന്നതിൽ സമൂഹമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. കൂട്ടുകെട്ടുകളിൽ ഒരു തമാശയായി തുടങ്ങി,അതിൽ അടിപ്പെട്ടവരും നിരവധിയാണ്. ഇതു കൂടാതെ ലഹരി മാഫിയകൾ സമൂഹത്തെ വല്ലാതെ ചൂഷണം ചെയ്യുന്നു.

ഇന്ന് ലഹരിക്കെതിരെ പല തരത്തിലുള്ള ക്ലാസുകളും, പല സംഘടനകൾ, വിദ്യാർത്ഥി ഗ്രൂപ്പുകൾ, ക്ലബ്ബുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

ലഹരിക്ക് എതിരെ ഇന്ന് കുട്ടികൾ പല പ്രവർത്തനങ്ങൾ ചെയ്യുന്നെങ്കിലും ഇന്നത്തെ സമൂഹം ലഹരിക്ക് അടിമയാകുന്നത് വളരെ കൂടുതലാണ്. ലഹരിക്ക് അടിപ്പെട്ട് കുന്നോളം ബാല്യങ്ങൾ ഇന്ന് സമനില തകരാറിലായി മുറിക്കുള്ളിൽ മാത്രമായി ജീവിതം കൊണ്ടു പോകുന്നു. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ ലഹരിക്ക് എങ്ങനെയും തുക കണ്ടെത്തുന്നു.ഇത് മോഷണത്തിലേക്കും കൊലപാതകത്തിലേക്കും നയിക്കുന്നു.

നമ്മുടെ ജീവിതം ലഹരിക്ക് അടിപ്പെടേണ്ടതല്ല. ജീവിതമാണ് ലഹരിയെന്ന് തിരിച്ചറിയുക.രുചി നോക്കാൻ പോലും 'നാം ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കരുത്. ലഹരി പാദാർത്ഥങ്ങൾ പല ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കും.

ലഹരി ഉപയോഗിക്കില്ലെന്ന് നാം ഒരോരുത്തരും പ്രതിജ്ഞ ചെയ്യുക. ഉപയോഗിക്കുന്നവരെ അതിൽ നിന്നും പിന്തിരിപ്പിക്കുക. ലഹരിയല്ല ജീവിതം ജീവിതമാണ് ലഹരി .ഇതിനപ്പുറമുള്ള ലഹരി തേടി പോകരുത്.

ദേവനന്ദ.കെ

10 എ

# പ്രളയം

മഴയുള്ള സുപ്രഭാതം. മിന്നുവും മാളുവും മുറ്റത്ത് കളിക്കുകയായിരുന്നു . ചെറിയ ചാറ്റൽ മഴ മാത്രമായിരുന്നപ്പോൾ അവർ മണ്ണപ്പം ചുട്ടു കളിക്കുകയായിരുന്നു. പെട്ടെന്ന് റേഡിയോയിൽ കൂടി ഒരു അറിയിപ്പ് കേട്ടു "ഇനി കുറച്ചുദിവസത്തേക്ക് മീൻ പിടുത്തക്കാർ കടലിൽ ഇറങ്ങാൻ പാടില്ല. മഴ കുറച്ചു ദിവസത്തിനകം കനക്കും. കടലോരത്ത് താമസിക്കുന്നവർ എത്രയും വേഗം ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറേണ്ടതാണ് " ഇതായിരുന്നു അറിയിപ്പ്. മിന്നു മാളുവിനോട് പറഞ്ഞു "നമ്മുടെ വീട കടലിൽ നിന്നും ഒരുപാട് ദൂരെയാണ് അതിനാൽ നമ്മൾ ദുരിതാശ്വാസക്യാമ്പുകളിലേക്ക് മാറേണ്ടതില്ല. പക്ഷേ നല്ല മഴ വന്നാൽ നമ്മൾ എങ്ങനെ കളിക്കും? മിന്നുവും മാളുവും അതോർത്ത് സങ്കടമായി.അവരുടെ സങ്കടം അച്ഛനോട് പറഞ്ഞു. രണ്ടുപേർക്കും ഒരോ കടങ്കഥ പുസ്തകങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു അഥവാ മഴവന്ന് നിങ്ങളുടെ കളി മുടങ്ങിയാൽ ഈ കടങ്കഥ പുസ്തകങ്ങൾ വായിച്ചു രസിച്ചോളൂ.

മിന്നുവും മാളുവും ഇതു കേട്ട് സന്തോഷിച്ച് കടങ്കഥാ പുസ്തകം വാങ്ങിവച്ച് കളിക്കാനായി പോയി. അപ്പോഴാണ് ഇടിയും മിന്നലോട് കൂടി ഗംഭീരമായി മഴ വന്നത്. മഴ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. അങ്ങനെ മിന്നുവും മാളുവും മഴയും കണ്ട് കടങ്കഥ പുസ്തകം വായിക്കാമെ ന്നുവച്ച് വാതിൽ തുറന്നപ്പോൾ വലിയൊരു മിന്നൽ വന്നു. അവർ അകത്തു കയറി വാതിലടച്ചു. അപ്പോൾ മുത്തശ്ശി പറഞ്ഞു " മിന്നൽ വരുമ്പോൾ ഇരുമ്പിലോ കമ്പിയിലോ തൊടാൻ പാടില്ല, തൊട്ടാൽ ഷോക്കടിക്കും. കൂടാതെ ഇടിമിന്നൽ വരുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടുംനടക്കാതെ സോഫയിലോ കട്ടിലിലോ കയറിയിരിക്കുന്നതാണ് നല്ലത് ഇത് കേട്ടപ്പോൾ ഒന്നും മിണ്ടാതെ രണ്ടുപേരും സോഫയിൽ കാൽ നിലത്തു കുത്താതെ കയറിയിരുന്നു. മഴ കുറയുന്ന ലക്ഷണമില്ല, മഴ കനക്കുകയാണ്.

അങ്ങനെ ആ ഗ്രാമത്തെ പതിയെ വെള്ളം വിഴുങ്ങാൻ തുടങ്ങി. പെട്ടെന്ന് മനുഷ്യരുടെ അലർച്ച കേട്ട് അവർ പുറത്തിറങ്ങി നോക്കുമ്പോൾ അവരുടെ കൂട്ടുകാരിയുടെ വീട് മഴ കാരണം പൊളിഞ്ഞു വീണു. അവർ ഒന്നും നോക്കാതെ അവിടേക്കോടി. അപ്പോഴേക്കും അവിടെ ഭാഗികമായി പ്രളയം വന്ന് വീടുകൾ തകർന്നുവീണ ആളുകളുടെ കൂട്ടക്കരച്ചിലും കൊണ്ട് നിറഞ്ഞിരുന്നു. മിന്നുവും മാളുവും ആ വെള്ളത്തിന്റെ നടുക്കു തന്നെയായിരുന്നു. അച്ഛൻ പെട്ടെന്ന് അവരേയും മെടുത്ത് ഒരു വള്ളത്തിൽക്കയറി ദുരിതാശ്വാസ ക്യാമ്പിലേക്ക് യാത്രയായി. നിമിഷ നേരത്തിനുള്ളിൽ ആഗ്രാമത്തെ പ്രളയം വിഴുങ്ങി. വീടുകൾ തകർന്നു, കൃഷികൾ നശിച്ചു. അങ്ങനെ വൻ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

ടി.വി.യിൽ വാർത്തകൾ പരന്നു. നൂറുകണക്കിനാളുകൾ അപ്പോഴേക്കും മരിച്ചിരുന്നു. അതിനു പരി കുറേ പേരെ കാണാതായി. മിന്നുവും മാളുവും കരഞ്ഞു കൊണ്ട് അച്ഛൻ അവർക്കു കൊടുത്ത കടങ്കഥ പുസ്തകം കെട്ടിപ്പിടിച്ചുകൊണ്ട് ദൈവത്തെ പ്രാർത്ഥിച്ചു. കോടാനുകോടി ജനങ്ങൾ അവരുടെ ഉറ്റവരെ നഷ്ടപെട്ട്

ആർത്ത് കരയുകയാണ്. കരഞ്ഞു കൊണ്ട് മിന്നു പറഞ്ഞു "നമ്മൾ കളിവഞ്ചി ഇറക്കിയ ഈ മഴയത്ത് ഇന്ന് ആളുകളെ രക്ഷിക്കാൻ വേണ്ടി വള്ളം മിറക്കേണ്ട അവസ്ഥ വന്നല്ലോ!" ആ തോരാത്ത മഴയും നോക്കി അവർ കണ്ണനീർ ചാൽ ഒഴുക്കി.

മാനസി ജയരാജ്
7 എ

# വരയും കുറിയും



FATHIMATH NAJWA
6B




ANJANA BINOY
10A



NIVED P V
8A



ALDINO M ROY
4 B




NIVED PV
8 A



NIVED PV
8 A

# സൗഹൃദം

ചിന്നുവിന്റെയും മിന്നുവിന്റെയും സ്കൂളിൽ നിന്നും വിനോദയാത്രയ്ക്ക് പോകുന്നു .എല്ലാവരും വലിയ സന്തോഷത്തിലാണ്. പല കാഴ്ചകൾ കാണാനും കടലിൽ ചാടി കുളിക്കാനും . മിന്നുവിന് സന്തോഷമില്ല അവൾ വിനോദയാത്രയ്ക്ക് പോകുന്നില്ല.

അച്ഛനു സുഖമില്ലാത്തതിനാൽ അമ്മയുടെ കൈയിൽ പൈസ ഉണ്ടാകില്ല. പൈസ ചോദിച്ച് അമ്മയെ വിഷമിപ്പിക്കേണ്ട, അവൾ വിചാരിച്ചു. ചിന്നുവിന്റെ അടുത്ത കൂട്ടുകാരിയാണ് മിന്നു. ചിന്നു, മിന്നു അറിയാതെ അവളുടെ പൈസയും ടീച്ചറിനു കൊടുത്തു. ചിന്നുവിന് വിഷുകൈനീട്ടം കിട്ടിയ തുകയായിരുന്നു അത്. അവൾ അച്ഛനോടും അമ്മയോടും അനുവാദം ചോദിച്ച് ആ തുക മിന്നുവിന്റെ പഠനയാത്രയ്ക്ക് കൊടുത്തു. മിന്നുവിന് ഒരു പാട് സന്തോഷമായി. അവർ എല്ലാവരും ക്ലാസിലെ മറ്റു കുട്ടികളോടൊപ്പം സന്തോഷമായി പഠനയാത്രയിൽ പങ്കെടുത്തു.

അൻകിത് എ

5 ബി

# തത്തയുടെ അത്യാഗ്രഹം

ഒരിടത്തൊരു തത്തയും പരുന്തും കൂട്ടുകാരായിരുന്നു . അവർ തീറ്റ തേടി പോകുമ്പോൾ പരുന്ത് നല്ല ഉയരത്തിലും തത്ത മരങ്ങളുടെ ഉയരത്തിലും പറക്കും.

അങ്ങനെയിരിക്കെ പക്ഷികൾക്ക് ഒരു രാജാവ് വേണമെന്ന് പക്ഷികൾ തീരുമാനിച്ചു. പക്ഷികൾ പരുന്തിനെ രാജാവാക്കി. പക്ഷേ പരുന്ത് രാജാവായപ്പോൾ തത്തയ്ക്ക് അത് ഇഷ്ടപ്പെട്ടില്ല. തത്ത പരുന്തിനോട് പറഞ്ഞു"

നിൻ്റെ പദവി എനിക്ക് തരുമോ ഞാൻ നിനക്ക് ഭക്ഷണം കൂട്ടിൽ കൊണ്ടു തരാം'' പക്ഷെ പരുന്ത് ആ പദവി വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. അങ്ങനെ അവർ മത്സരം വച്ചു. അതിൽ ജയിക്കുന്നയാൾ രാജാവാകും. രണ്ടുപേരും നല്ല വേഗതയിലാണ് പറന്നത്. പക്ഷെ തത്ത ഒരു മരത്തിൽ ഇടിക്കുകയും പറക്കാൻ കഴിയാതെ താഴെ വീഴുകയും ചെയ്തു. അങ്ങനെ പരുന്ത് തന്നെ രാജാവായി. അത്യാഗ്രഹം ആപത്ത്.

**ആഷർ കെ മഹേഷ്**
**4 ബി**


# എൻ്റെ വര



അനുഗ്രഹ എൻ വി
8 ബി




നിരഞ്ജൻ



ആൻ ജോർജിയ

6 ബി

# കാർട്ടൂൺ




ആദിത്യറാം പി
9 ബി

# മോഹനേട്ടൻ

ആരുമില്ലാത്ത കുട്ടിയാണ് ഉണ്ണി. അനാഥൻ. ശരിയായ പേര് ആദർശ് എന്നായിരുന്.ന അവൻ ചെറുപ്പത്തിൽ തന്നെ ഒരു ഹോട്ടലിൽ സപ്ലെയർ ആയി ജോലി ചെയ്തിരുന്നു. ആ ഹോട്ടലിൽ ഉണ്ടായിരുന്നവർ തന്നെയാണ് അവന് ഉണ്ണി എന്ന വിളിപ്പേര് നൽകിയത്.ഹോട്ടലിൽ പണി ചെയ്തിരുന്ന എല്ലാവർക്കും അവനെ വലിയ ഇഷ്ടമായിരുന്നു.

അവന് സ്വന്തമെന്ന് പറയാൻ ഹോട്ടലിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മോഹനേട്ടൻ മാത്രമാണുള്ളത്. അദ്ദേഹത്തിന് ഹോട്ടലിൽ പണി ചെയ്തു കിട്ടുന്ന ചെറിയ തുക കൊണ്ട് ഉണ്ണിയെ അഞ്ചുവയസ്സുവരെ വളർത്തി. അതിനുശേഷം അദ്ദേഹത്തിന് ഹോട്ടലിൽ നിന്ന് പണി ചെയ്തു കിട്ടുന്ന ചെറിയ തുക മതിവരാതെയായി. ഇതറിഞ്ഞ ഉണ്ണി മോഹനേട്ടന്റെ സഹായിക്കാൻ വേണ്ടി ഹോട്ടലിൽ ജോലിക്ക് പോകാൻ തുടങ്ങി.

അത് മോഹനേട്ടന് വലിയൊരു ആശ്വാസമായി. അവൻ നാട്ടുകാർക്ക് അവനാൽ കഴിയുന്ന സഹായം ചെയ്തു കൊടുക്കുമായിരുന്നു .അങ്ങനെ അവൻ നാട്ടുകാരുടെ സ്നേഹമുള്ള ഉണ്ണിയായി മാറി. അവന് പഠിക്കാനായി നല്ല താൽപര്യമുണ്ടായിരുന്നു. ഇതറിഞ്ഞ നാട്ടിലുള്ള ജനങ്ങൾ മോഹനേട്ടനോട് പറഞ്ഞ് അവനെ പഠിപ്പിക്കാനുള്ള തീരുമാനത്തിലെത്തി. അവനെ മോഹനേട്ടൻ വീടിനടുത്തുള്ള ഗവ.സ്കൂളിൽ ചേർത്തു. പഠിക്കാൻ മിടുക്കനായിരുന്നു അവൻ. ഈ സഹായത്തിന് അവൻ തിരികെ കൊടുത്തത്പഠനത്തിലുള്ള മികവും നാട്ടുകാർക്ക് ചെയ്തു കൊടുക്കുന്ന സഹായവും ആണ്.

അങ്ങനെ അവൻ പഠിച്ച് പത്താംക്ലാസ് മുഴുവൻ മാർക്കോടെ പാസായി. നാട്ടിലെ എല്ലാവരോടും ഈ സന്തോഷവാർത്ത പറഞ്ഞു. നാട്ടുകാരെല്ലാവരും അവനെ അഭിനന്ദിച്ചു. സമ്മാനങ്ങൾ നൽകിയും അവരുടെ സന്തോഷം അറിയിച്ചു. അവന് അത് തുടർപഠനത്തിന് പ്രചോദനമായി . അങ്ങനെ അവൻ ഫസ്റ്റ് ക്ലാസോടെ പ്ലസ് ടു പാസായി. തുടർപഠനത്തിനായി ഉണ്ണി വിദേശത്തേക്ക് പോകേണ്ട കാര്യം മോഹനേട്ടനെ അറിയിച്ചു. സങ്കടത്തോടെ അയാൾ അവന്റെ മുഖത്തേക്ക് ഉറ്റുനോക്കി കൊണ്ട് പറഞ്ഞു "എനിക്ക് നിന്നെ പഠിപ്പിക്കാൻ ആഗ്രഹമുണ്ട് മോനെ. പക്ഷേ, ഹോട്ടലിൽ ജോലി ചെയ്തു കിട്ടുന്ന കാശ് വീട്ടുചിലവിന് പോലും തികയുന്നില്ല. ഞാൻ മറ്റുള്ളവരോട് ഒന്ന് ചോദിച്ചു നോക്കാം ദൈവം നമ്മളെ കൈവിടാതിരിക്കില്ല."

ഇത്രയും പറഞ്ഞ് അദ്ദേഹം വീട്ടിൽ നിന്ന് പുറത്തിറങ്ങി. ഈ

കാര്യം പറഞ്ഞ് നാടാകെ ചുറ്റി നടന്നു. പക്ഷേ വലിയ തുക ആവശ്യമുള്ളതിനാൽ ആരും സഹായിക്കാൻ തയ്യാറായില്ല. അദ്ദേഹം നിരാശയോടെ വീട്ടിലേക്ക് മടങ്ങി. ഉണ്ണി പ്രതീക്ഷയോടെ ചോദിച്ചു. 'എന്തായി മോഹനേട്ടാ ?പോയിട്ട് കാശ് തരാം എന്ന് ആരെങ്കിലും പറഞ്ഞോ.?'
സങ്കടത്തോടെ മോഹനേട്ടൻ പറഞ്ഞു.
"ഇല്ല, ആരും പൈസ തരാൻ തയ്യാറല്ല"
നീ വിഷമിക്കേണ്ട. നാളെ ഒന്നുകൂടെ ശ്രമിച്ചു നോക്കാം.
ഉണ്ണി വിഷമത്തോടെ പറഞ്ഞു.
'എൻറെ അമ്മയും അച്ഛനും ഉണ്ടെങ്കിൽ അവരെന്നെ പഠിപ്പിക്കുമായിരുന്നു'
അവൻറെ കണ്ണുകൾ നിറഞ്ഞു.
"നീ വിഷമിക്കേണ്ട . ഈ വീടിൻറെ ആധാരം പണയം വച്ചിട്ടായാലും ഞാൻ നിന്നെ പഠിപ്പിക്കും"

പിറ്റേദിവസം രാവിലെ വീടിൻ്റെ ആധാരമെടുത്ത് ബാങ്കിലേക്ക് നടന്നു .അത് കൊടുത്ത പണം വാങ്ങി. വീട്ടിലേക്ക് നടന്നു.ഉണ്ണിയുടെ കയ്യിൽ പണം കൊടുത്ത് മോഹനേട്ടൻ പറഞ്ഞു . "ഈ തുക വീടിൻറെ ആധാരം പണയം വെച്ച് വാങ്ങിയതാണ്. ഇതു മതിയാകും നിനക്ക് വിദേശത്ത് പോയി പഠിക്കാൻ"
"ഒരുപാട് നന്ദിയുണ്ട് മോഹനേട്ടാ ,ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല"
ആദർശ് അടുത്തദിവസം തന്നെ മുംബൈയിലേക്ക് ടിക്കറ്റ് ബുക്ക് ചെയ്തു. അവിടെയുള്ള പേരുകേട്ട ഐടിഐയിൽ ഏവിയേഷൻ കോഴ്സിന് അഡ്മിഷൻ എടുത്തു . വർഷങ്ങൾ കഴിഞ്ഞു.അവന് ജോലി കിട്ടി.

തന്റെ പ്രിയപ്പെട്ട മോഹനേട്ടനെ അവൻ മറന്നില്ല. ഒരിക്കൽ ഉണ്ണി തിരിച്ചുവന്നു.ഇപ്പോൾ ഉണ്ണി പഴയ ഉണ്ണിയല്ല. വിമാനക്കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥനാണ്. ആ നാടിന്റെയും നാട്ടുകാരുടെയും അഭിമാനമായ ഉണ്ണി ആ നാടിന് താങ്ങും തണലുമായി മാറിയിരിക്കുന്നു. ഉണ്ണി ലീവ് കഴിഞ്ഞ് പോകുമ്പോൾ മോഹനേട്ടനെയും കൂടെ കൂട്ടി.ഇപ്പോൾ അവർ ഡൽഹിയിൽ സന്തോഷമായി ജീവിക്കുന്നു.

കൃഷ്ണജിത്ത്
8 എ

# എന്റെ ക്യാമ്പനുഭവം

ഞാൻ ആദ്യമായാണ് സ്കൂളിൽ നിന്ന് ഒരു ക്യാമ്പിൽ പങ്കെടുക്കുന്നത്. എസ്.പി.സി യുടെ ആഭിമുഖ്യത്തിൽ ഡിസംബർ 26 മുതൽ 30 വരെ ആയിരുന്നു ക്യാമ്പ്. ചെറുതാഴം സ്കൂളിൽ വെച്ചായിരുന്നു ക്യാമ്പ്.26 ന് ഉച്ചയ്ക്ക് ഞങ്ങൾ അവിടെ എത്തി.

വൃത്തിയുള്ളതും മനോഹരവുമായ സ്കൂൾ ആയിരുന്നു അത്. ഒരു ഘോഷയാത്രയോടെയായിരുന്നു ക്യാമ്പ് തുടങ്ങിയത്. ക്യാമ്പിന്റെ ഉത്ഘാടന പരിപാടിക്ക് ശേഷം നവാസ് സർ നയിച്ച 'ഐസ് ബ്രേക്കിങ്' എന്ന സെഷൻ ആയിരുന്നു. ആ സെഷനിൽ പുതിയ രണ്ട് സുഹൃത്തുക്കളെ കിട്ടി.

'ഐസ് ബ്രേക്കിങ്' സെഷന് ശേഷം ചെറുതാഴം സ്കൂളിന്റെ വക ഡാൻസും മറ്റ് കലാപരിപാടികളും ഉണ്ടായിരുന്നു. രാവിലെ 5:15 ന് എഴുന്നേൽക്കണം 6:15 ന് പരേഡ് ഗ്രൗണ്ടിൽ എത്തണം 8:30-9:00 മണി വേറെ പരേഡ് ആയിരുന്നു. പ്രഭാത ഭക്ഷണത്തിനു ശേഷം ക്ലാസുകൾ ആയിരുന്നു. എല്ലാം വളരെ നല്ല ക്ലാസുകൾ ആയിരുന്നു.

ഇന്നത്തെ സമൂഹം നേരിടുന്ന എല്ലാ പ്രശ്നങ്ങളെപ്പറ്റിയുമുള്ള ക്ലാസ്സുകൾ ഉണ്ടായിരുന്നു. ക്യാമ്പിൽ ഫോൺ അനുവദിച്ചിരുന്നില്ല.ക്ലാസ്സ് മുറികളിൽ ആയിരുന്നു ഞങ്ങൾ ഉറങ്ങിയിരുന്നത്. ഒരു റൂമിൽ നാലോ അഞ്ചോ സ്കൂളിലെ കുട്ടികൾ ഉണ്ടായിരുന്നു. ക്യാമ്പിന്റെ അവസാന ദിവസം cerimonial പരേഡ് ആയിരുന്നു. അന്ന് ഞങ്ങൾ ഒരുമിച്ച് ഫോട്ടോ എടുത്തിരുന്നു. എല്ലാംകൊണ്ടും ക്യാമ്പ് അടിപൊളി ആയിരുന്നു. അവസാനം flagoff ചെയ്ത് ക്യാമ്പ് അവസാനിച്ചു.എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവം.

ഫാത്തിമത്ത് ഷിഫ

9 ബി



# അണയാത്ത മോഹം

മോഹം മനസ്സിലെ മൃദുലവികാരം
എന്തിനോടുമുള്ള വികാരം.
മോഹം മനസ്സിലെ കെടാവിളക്ക്.
അണയാത്ത  കെടാവിളക്ക്..
എൻ മനസിന്റെ മോഹത്തിൻ കൂട്
നീ പണ്ടേ തകർത്തെറിഞ്ഞില്ലേ..
എന്തെന്നും ഏതെന്നും  അറിയാതെ
അലയുകയാണ് മനസിലെ മോഹം
ആകാശത്തുനിന്ന് വീഴുന്ന പുതു മഴ പോ
ലാണെന്റെ മനസ്സും മോഹങ്ങളും

എന്നരികത്തു നീ വരുമ്പോൾ
വിടരുന്ന മാദക പുഷ്പങ്ങൾ..
ആ പുഷ്പങ്ങൾ പോലെ.
എൻ മനസ്സിലെ
മോഹങ്ങൾ പൂവണിയുകയാണ്.
തിരികെ വരുമോ.
എൻ അരികിൽ അണയാൻ .
നീയില്ലാനേരം എൻ മനസ്
വേദനിക്കുകയാണ് ..
ഞാൻ വെറും വാടിയപൂവായി മാറുന്നു ..
കാലത്ത് ഉദിക്കുന്ന സൂര്യനെ പോലെ
രാത്രിയിൽ എത്തുന്ന ചന്ദ്രനെ പോലെ
എന്നിലെ മോഹവും ഉദിക്കുകയാണ്
അന്ന് എന്റെ കരളിൽ
കൂടൊരുക്കി നീ.
ഇന്ന് നിന്റെ സ്നേഹം ഞാൻ കൊതിക്കുന്നു..
ഒരിക്കലും അണയാത്ത മോഹം ഉണരുകയാണ്..

നിവേദ്യ എം. പി
10 ബി

# ലഹരിക്കെതിരെ

ഇന്നത്തെ തലമുറയിൽ മുതിർന്നവർ എന്നോ കുഞ്ഞുങ്ങൾ എന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും വേട്ടയാടുന്ന ഒരു മാരക വസ്തുവാണ് ലഹരി. ഈ ലഹരി എന്ന പദാർത്ഥം നമ്മുടെ ലോകത്തെ ഓരോ മനുഷ്യരെയായി മെല്ലെ മെല്ലെ കൊന്നൊടുക്കുകയാണ്. ഒരു ചെറിയ നിമിഷത്തിൽ തന്നെ ലോകം മുഴുവൻ വ്യാപിച്ച് ലോകത്തെ ഒരോ മനുഷ്യനെയും അടിച്ചമർത്തുകയാണ് മഹാമാരിയായ ലഹരി.

ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന മനുഷ്യരുടെ മനസിൽ ക്രോധം,പക, കാമം എന്നിവ കുടിലുകെട്ടി താമസിക്കുന്നു. മാതാപിതാക്കളെന്നോ സഹോദരികളെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ഉപദ്രവിക്കാൻ ഈ ലഹരി പദാർത്ഥങ്ങൾ പ്രാപ്തരാക്കുന്നു. ഇപ്പോൾ  ലഹരിയുമായി ബന്ധപ്പെട്ട വാർത്തകൾ മാധ്യമങ്ങളിൽ നിറഞ്ഞിരിക്കുന്നു. മയക്കു മരുന്നിന്റെ വ്യാപനം ഇത്രയധികം രൂക്ഷമാകുന്നതിന് ലഹരി മാഫിയകളുടെ പങ്ക് ചെറുതല്ല. ലഹരി മാഫിയകൾ സമൂഹത്തിന്റെ ഉന്നത കേന്ദ്രങ്ങളെ കൈയ്യിലെടുത്ത് അവരുടെ പ്രവർത്തനങ്ങൾ യഥേഷ്ടം നടത്തുന്നു.

ഇന്ന് ജനിച്ചു വീഴുന്ന പിഞ്ചുകുഞ്ഞിനെ പോലും ലഹരി മാഫിയകൾ വെറുതെ വിടുന്നില്ല. മധുരപലാഹരങ്ങൾ മിഠായി.,ഐസ്ക്രീം, ശീതള പാനീയങ്ങൾ, സൗന്ദര്യ വസ്തുക്കൾ – ക്രീമുകൾ, ഐ ലൈനർ എന്നിങ്ങനെ ഏതെല്ലാം രൂപത്തിലാണ് ലഹരി വസ്തുക്കൾ നമ്മുടെ സമൂഹത്തിൽ വ്യാപകമായിട്ടുള്ളത്. സമൂഹമാധ്യമങ്ങളും ലഹരിയുടെ വ്യാപനത്തിന് സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്.


വിദ്യാലയത്തിൽ കുട്ടികളെ വട്ടമിട്ട്  ലഹരി വിൽപനയിൽ കണ്ണികളാക്കുന്നു. പക്വതയില്ലാത്ത പ്രായത്തിൽ  ഇത്തരം  ചതിക്കുഴികളിൽ കുട്ടികൾ വീഴുന്നു.

വിദ്യാലയങ്ങളിലും സമൂഹത്തിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ധാരാളം നടക്കുന്നെണ്ടെങ്കിലും ലഹരി മാഫികളുടെ പ്രവർത്തനങ്ങൾ കഴുകൻ കണ്ണുകൾ കൊണ്ട് സമൂഹത്തിന്റെ മേൽ വട്ടമിട്ടു പറക്കുകയാണ്.

നമ്മുടെ ജീവിതം ലഹരിയാൽ നിയന്ത്രിക്കപ്പെടില്ല എന്നും, ജീവിതമാണ് ലഹരി എന്നുമുള്ള തിരിച്ചറിവ് – SAY NO DRUGS– സമൂഹത്തിന് ഉണ്ടാവട്ടെ എന്ന് പ്രത്യാശിക്കാം. ഇത്തരം പ്രവർത്തനങ്ങൾ ഒരു സംഘടനയിലോ വ്യക്തിയിലോ മാത്രം ഒതുങ്ങുന്ന ഒന്നല്ല .ഒരോ വ്യക്തിയും സമൂഹനന്മക്കായ്  ലഹരിക്കെതിരെ പ്രവർത്തിക്കുക. നല്ല നാളേക്കായ് ഒന്നിച്ചു പ്രവർത്തിക്കാം.

ശിവപ്രിയ പ്രിയേഷ്
10 എ

# കുത്തിവര



കാർത്തിക് കെ വി
8 A



അൽഡിനോ എം റോയ്
4 B



ഷെഫേല കെ മഹേഷ്
LKG



നിവേദ്യ കെ
LKG




ഇഷാൻ ജയേഷ്
LKG




നിവേദ് കൃഷ്ണ
LKG




തീർത്ഥ കെ
5 C



വിനായക് ബാബു
7A



വിനായക് ബാബു

7A



മാനസി ജയരാജ്
7 A



മിദ്‌ലാജ്
5B



ഹൃതിക
5 B

# 2018 - ഒരു പാഠം

ഇരുപത്തൊന്നാംനൂറ്റാണ്ട് ...ഒരു കറുത്ത ദിനം.. വലിയ ഇടിയും മിന്നലോടും കൂടി വന്ന മഴ. മനുഷ്യന്റെ പ്രകൃതിയോടുള്ള ക്രൂരമായ ഇടപെടൽ മൂലം വന്ന പ്രകൃതിക്ഷോഭം . കുന്നിടിച്ചും വയൽ നികത്തിയും മരങ്ങൾ മുറിച്ചും പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്തതിന്റെ അനന്തര ഫലം.

പ്രകൃതി അമ്മയാണ് .ആ അമ്മയെ നാം ദ്രോഹിക്കരുത് . വെള്ളപ്പൊക്കവും പ്രളയവും വന്നു. ഒരു പാട് വിടുകൾ നിലം പതിച്ചു. ഒരുപാട് മനുഷ്യർ ഒഴുകിപ്പോയി. പിഞ്ചുകുഞ്ഞുങ്ങളും മൃഗങ്ങളും അങ്ങനെ ഭൂരിഭാഗം മനുഷ്യരുടെയും ജീവൻ വെള്ളം കൊണ്ടു പോയി .

ഒരുപാട് സഹാനുഭൂതിയുള്ള മനുഷ്യർ സ്വന്തം ജീവൻ വിലവയ്ക്കാതെ മറ്റുള്ളവരുടെ ജീവൻ കാക്കാൻ ഇറങ്ങിപ്പുറപ്പെട്ടു. ഇതൊക്കെ നമ്മുടെ ക്രൂരമായ ഇടപെടൽ മൂലമാണെന്ന് ഓർക്കണം.

പ്രളയത്തിനു പിന്നാലെ ഉരുൾ പൊട്ടലും വന്നു .കുറേ വിടുകൾ മണ്ണിനടിയിലായി. ശ്വാസം കിട്ടാതെ ഒരു തുള്ളി വെള്ളം പോലും ദാഹമടക്കാൻ കിട്ടാതെ, മണ്ണിനടിയിൽ കിടന്ന് പിടയുന്നു. കുറേ നാളുകൾക്ക് ശേഷമാണ് മനുഷ്യരുടെ മൃതദേഹം പോലും ലഭിക്കുന്നത്. വളരെ കുറച്ച് പേർ മാത്രമാണ് രക്ഷപ്പെട്ടത്.

പ്രളയത്തിന്റെ കാഠിന്യം അത് അനുഭവിച്ചവർക്ക് മാത്രം അറിയാം. ഹെലികോപ്റ്ററും ബോട്ടുകളും വന്നാണ് ആൾക്കാരെ രക്ഷപെടുത്തിയത്. ഇതൊന്നുമറിയാതെ സ്കൂളിലുള്ള ഒരു ആൺകുട്ടി തന്റെ ചേച്ചിയേയും കൂട്ടി വീട്ടിലേക്ക് പോയി. അപ്പോൾ മഴ ശാന്തമായിരുന്നു അവർ അവരുടെ വീടുണ്ടായിരുന്ന സ്ഥലത്തെത്തി. പക്ഷെ അവിടെ വീടുണ്ടായിരുന്നില്ല. മുഴുവൻ മൺകൂമ്പാരമായിരുന്നു. വീട്ടിൽ അമ്മൂമ്മ മാത്രമാണുണ്ടായിരുന്നത്. അവന്റെ അപ്പനും അമ്മയും ഒരു കാർ അപകടത്തിൽ മുന്നേ മരണപ്പെട്ടിരുന്നു. വീടില്ലാത്തത് കണ്ട കുട്ടിയും ചേച്ചിയും ആശ്ചര്യപ്പെട്ടു. അവൻ ചേച്ചിയോട് ചോദിച്ചു ചേച്ചീ , നമ്മുടെ വിട് കാണുന്നില്ലല്ലോ! അമ്മൂമ്മയെയും കാണുന്നില്ലല്ലോ! ചേച്ചി പറഞ്ഞു അറിയില്ല മോനെ എനിക്ക് പേടിയാവുന്നു. അപ്പോൾ ഒരാൾ വന്നുപറഞ്ഞു മക്കളേ നിങ്ങൾ ഇങ്ങു വാ.ഇവിടെ പ്രളയം വന്ന് കുറെ പേർ ഒലിച്ചു പോയി. അമ്മുമ്മ ആശുപത്രിയിൽ ഉണ്ട്. അവർ ആശുപത്രിയിൽ പോയി. വീട് പോയി സാരില്ല. എല്ലാം വിധി. കുറച്ചു നാൾ കഴിഞ്ഞ് എല്ലാം പഴയതുപോലെ ആയി. എന്നാലും നഷ്ടങ്ങൾ എങ്ങനെയും മാറില്ല.

ഇനിയെങ്കിലും നമ്മുടെ ഭൂമിയെ കാത്ത് സംരക്ഷിക്കുക. പ്രകൃതിക്കായി കൈകോർക്കുക. ഇനിയൊരു നല്ല നാളെക്കായി സ്വപ്നം കാണാം. മരങ്ങൾ നട്ട് പിടിപ്പിക്കുക. അമ്മയായ പ്രകൃതിയെ കാത്ത് സംരക്ഷിക്കുക.

കൃഷ്ണേന്ദു എം
7 ബി.

# ഒററപ്പെടൽ

വളരെ തിരക്കേറിയ ഒരു നഗരം. നഗരത്തിലെ ഒരു വലിയ വീട് .ആ വീട്ടിൽ ആകെ ഉണ്ടായിരുന്നത് മൂന്ന് പേർ മാത്രം അച്ഛനും അമ്മയും അവരുടെ ഏകമകനും.

അച്ഛനും അമ്മയും നഗരത്തിൽ ജോലി ചെയ്യുന്നു. വളരെ തിരക്കേറിയ ജീവിതം. ഒന്ന് സംസാരിക്കാനോ വിശേഷങ്ങൾ അന്വേഷിക്കാനോ പോലും അവർക്ക് സമയം കിട്ടിയിരുന്നില്ല. അച്ഛനും അമ്മയും ജോലിക്ക് പോകുമ്പോൾ കുട്ടി തനിച്ചായി. നാല് ചുവരുകൾക്കുള്ളിലായിരുന്നു ആ കുട്ടി കഴിഞ്ഞിരുന്നത് .ഒന്ന് മിണ്ടാനോ കളിക്കാനോ ആ കുട്ടിക്ക് ആരുമുണ്ടായിരുന്നില്ല.

ടെലിവിഷന്റെയും ഇന്റർനെറ്റിന്റെയും ലോകത്തേക്ക് ആ കുട്ടി നീങ്ങി. അച്ഛനും അമ്മയും ജോലിത്തിരക്ക് കാരണം സ്വന്തം കുട്ടിയെ മറന്നുപോകുന്നു.. സ്വന്തക്കാർ ഉണ്ടായിട്ടുപോലും ആ കുട്ടിയുടെ ബാല്യം അനാഥമാകാൻ തുടങ്ങി. ജീവിതം ഇരുട്ടാകാൻ തുടങ്ങി. ഒറ്റപ്പെടലിന്റെ ഇരുട്ട് .കുട്ടി ആരോടും മിണ്ടാതെയായി, കളിക്കാതെയായി. സ്കൂളിൽ ചെന്നാൽ ഒരു മൂലയിൽ ഇരിപ്പായി. ഒറ്റപ്പെടലിന്റെ ആഴങ്ങളിലേക്ക് അവൻ നീങ്ങുകയാണ്.

സ്കൂളിൽ ഒരു ദിവസം അവൻ ഒറ്റക്ക് ഇരിക്കുകയായിരുന്നു .അപ്പോൾ അവന്റെ ടീച്ചർ വിളിച്ചു "മിഖായേൽ ' ടീച്ചറുടെ മുഖത്തേക്ക് ഒന്ന് നോക്കി. തല താഴ്ത്തി മൂകനായി അവൻ ഇരുന്നു. ടീച്ചർ ഒന്നും മിണ്ടിയില്ല

അവന്റെ സങ്കടങ്ങൾ എങ്ങനെ തീർക്കണം എന്നറിയില്ല .സ്കൂൾ വിട്ട് വീട്ടിലേക്ക് പോകുന്ന വഴി ഒരു കൂട്ടം കുട്ടികൾ കളിക്കുന്നത് അവൻ കണ്ടു. അത് ഒറ്റപ്പെടലിന്റെ ആഴം വർദ്ധിപ്പിച്ചു. ഒന്ന് കരയാൻ പോലും അവന് കഴിഞ്ഞില്ല. എന്ത് ചെയ്യണം എന്ന് അറിയാതെയായി.അച്ഛനും അമ്മയും ഉണ്ടായിട്ടും അവൻ്റെ ബാല്യം അനാഥമായി .

ഒരു ദിവസം അച്ഛനും അമ്മയും കൂടി ഭക്ഷണം കഴിക്കാൻ ഇരുന്നു. കുട്ടി ഒന്നും സംസാരിച്ചില്ല. അവന്റെ പെരുമാറ്റം മാറിയതായി അവർക്ക് തോന്നി. രാത്രി മിഖായേലിന്റെ അച്ഛനും അമ്മയും അവന്റെ പെരുമാറ്റത്തെ കുറിച്ച് ചർച്ച ചെയ്തു. അവൻ്റെ ഒറ്റപ്പെടലാണ് ഇതിന് കാരണം എന്നവർക്ക് മനസ്സിലായി. അവർ കുറച്ചു നേരം മിഖായേലിനോട് സംസാരിച്ചു. പക്ഷെ അവൻ പ്രത്യേകിച്ച് ഒന്നും മിണ്ടിയില്ല. അവൻ്റെ മുഖത്ത് സന്തോഷം കണ്ടെത്താൻ മാതാപിതാക്കൾക്ക്

കഴിഞ്ഞില്ല.


അവർ ഒരു ഗ്രാമത്തിലേക്ക് താമസം മാറി.ഒരു കൊച്ചു ഗ്രാമം. പ്രകൃതി രമണിയം. മനസ്സിന് കുളിർമ്മ നൽകുന്ന കാഴ്ചകൾ' തിരക്കേറിയ റോഡുകളോ വാഹനങ്ങളുടെ ചറ പറ ശബ്ദമോ ഫാക്ടറികളിലെ പുകയോ അവിടെ ഉണ്ടായിരുന്നില്ല. പക്ഷികളുടെ സുന്ദര ശബ്ദവും പുഴകളുടെ കളകള നാദവും നിറഞ്ഞ് നിന്നു. ഇത് അവന്റെ ഒറ്റപ്പെടലിന് ശമനം നൽകും എന്ന് അച്ഛനും അമ്മയും ഉറപ്പായിരുന്നു.

ഒരു അവധി ദിവസം വന്നെത്തി .തൊട്ടുത്തുള്ള വയലിൽ കുട്ടികൾ കളിക്കുന്നത് കണ്ടു .കുട്ടികൾ മിഖായേലിനെ കളിക്കാൻ ക്ഷണിച്ചു. ആദ്യം അവൻ പോയില്ല. ഇതുവരെ അവൻ കൂട്ടത്തോടെ കളിച്ചിട്ടില്ല.

അവൻ്റെ മാതാപിതാക്കൾ അവനോട് കൂടുതൽ ഇടപഴകാൻ തുടങ്ങി. അവൻ്റെ കൂടെ കളിക്കാൻ തയ്യാറായി .ഇത് അവന്റെ സന്തോഷത്തിന് തുടക്കം കുറിച്ചു. അവന്റെ ജീവിതം ഒറ്റപ്പെടലിൽ നിന്നും കരകയറാൻ തുടങ്ങി. പതിയെ  അവൻ കൂട്ടുകാരോടൊപ്പം കളിക്കാൻ തുടങ്ങി. അവരുടെ കൂടെ ഗ്രാമത്തിലെ പല ഭാഗത്തും പോയി. പതിയെ അവന്റെ ഒറ്റപ്പെടൽ പൂർണമായി ഇല്ലാതായി. മാനസികോല്ലാസം കൈവരിച്ചു. സ്കൂളിൽ അവൻ സ്മാർട്ടാകാൻ തുടങ്ങി .ഇവന്റെ മാറ്റം സ്കൂളിൽ ഉള്ളവരിൽ അത്ഭുതം ഉണർത്തി .ഗ്രാമത്തിലേക്കുള്ള അവരുടെ ചേക്കേറൽ അവന്റെ ജീവിതം പൂർണമായി മാറ്റി. പിന്നങ്ങോട്ട് ഒററപ്പെടൽ അവനറിഞ്ഞില്ല.

ഫാത്തിമത്തു ഷിഫ

9 ബി



ആരാധ്യ  5 B



ആരാധ്യ  5 B

# മറക്കാനാവാത്ത ക്യാമ്പ്

2023 ഡിസംബർ 26 ന് ആയിരുന്നു ഞങ്ങളുടെ SPC ക്യാമ്പ്. എന്റെ സ്കൂളിൽ നിന്നും 6 കുട്ടികൾ ഉണ്ടായിരുന്നു 2 ആൺകുട്ടികളും 4 പെൺകുട്ടികളും. G.H.S.S. ചെറുതാഴം സ്കൂളിലായിരുന്നു ക്യാമ്പ്. ഞങ്ങളുടെ യാത്ര ആരംഭിച്ചു. പ്രകൃതിസുന്ദരമായ സ്ഥലമായിരുന്നു അത്.

സ്കൂളിൽ എത്തി. ആദ്യദിവസം തുടങ്ങി. അന്ന് ഞങ്ങൾക്ക് ഒരു ടാഗും പേനയും ബുക്കും ഫയലും തന്നു.ഇതൊക്കെ തന്നപ്പോ എന്റെ മനസിൽ ഇനി എന്ത് എന്ന് ചോദ്യമായിരുന്നു. അപ്പോഴായിരുന്നു മുഖ്യാതിഥികളെ സ്വീകരിക്കാനായി ഒരു ഘോഷയാത്ര ഉണ്ട് എന്ന് പറഞ്ഞത് . എനിക്ക് പിന്നെ ആവേശമായി .ഞങ്ങൾ അങ്ങോട്ട് പോയി അവരെ സ്വീകരിച്ച് സ്റ്റേജിലേക്ക് കൊണ്ടുവന്നു. കുറെ നേരം നീണ്ടുനിന്ന പ്രസംഗങ്ങൾ ആയിരുന്നു.

ക്യാമ്പിന്റെ പേര് "FOMO 23" എന്നായിരുന്നു. അതിനുശേഷം ഞങ്ങൾ റൂമിലേക്ക് പോയി .ബാഗുകൾ ഒക്കെ അവിടെ വച്ച് താഴേക്ക് വന്നു. ഓരോ ക്ലാസുകളായി തുടങ്ങി.ആദ്യം Ice Breaking എന്ന് പരിപാടി ആയിരുന്നു.ഞങ്ങളെ പല ടീമുകളായി തിരിച്ചു. വ്യത്യസ്ത സ്കൂളുകളിൽ നിന്നുള്ള വ്യത്യസ്ത സ്വഭാവമുള്ള കുട്ടികൾ.ആദ്യം എന്റെ കൂട്ടുകാർ ഇല്ലാത്ത സങ്കടം ഉണ്ടായിരുന്നെങ്കിലും അതുമായി പൊരുത്തപ്പെട്ടു .പിന്നെ പുതിയ കൂട്ടുകാരെ ഞാൻ ഉണ്ടാക്കി.

ഞങ്ങളെ ഭക്ഷണം കഴിക്കാൻ വിട്ടു. ഭക്ഷണത്തെപ്പറ്റി പറയണം .നല്ല രുചിയുള്ള അടിപൊളി ഭക്ഷണമായിരുന്നു അഞ്ചു ദിവസവും.രാത്രി ക്യാമ്പിനുവന്ന കുട്ടികളുടെ കലാപരിപാടികളായിരുന്നു. നല്ല രസമുണ്ടായിരുന്നു. പക്ഷെ എല്ലാം കഴിഞ്ഞു കിടന്നപ്പോ 11 മണി കഴിഞ്ഞു. രാവിലെ എഴുന്നേൽക്കാൻ മടിയുള്ള കൂട്ടത്തിലായിരുന്നു ഞാൻ. പക്ഷെ അവിടെ പോയപ്പോ രാവിലെ എഴുന്നേൽക്കാൻ പഠിച്ചു.

കുളിമുറിക്ക് മുന്നിൽ കുളിക്കാൻ കാത്തുനിൽക്കുന്ന സമയം. പലരോടും സംസാരിച്ചു പുതിയ കൂട്ടുകെട്ട് ഞങ്ങൾ ഉണ്ടാക്കി. അതുകൊണ്ട് കുഴപ്പമില്ലായിരുന്നു. പിറ്റേ ദിവസം രാവിലെ 5 മണിക്ക് ഞങ്ങൾ എഴുന്നേറ്റു. ആദ്യ ദിവസമായിരുന്നത് കൊണ്ട് നല്ല മടി ഉണ്ടായിരുന്നു അതിന്റെ കൂടെ തണുപ്പും. കഷ്ടപ്പെട്ട് എങ്ങനെയോ എഴുന്നേറ്റു. രാവിലെ എഴുന്നേൽക്കുന്നത് ഒരു സുഖമായിരുന്നു. കാപ്പി കുടിച്ച് 6:25 ആകുമ്പോഴേക്കും ഞങ്ങൾ ഗ്രൗണ്ടിൽ ഫോളിൻ ആകും. പിന്നെ ഒന്ന് ഒന്നര മണിക്കൂർ പരേഡ് പ്രാക്ടീസ്. അതിനുശേഷം Health Fittness –ന്റെ ക്ലാസ്സ് . അത് നല്ല രസമായിരുന്നു.

ഞങ്ങളെ ഭക്ഷണം കഴിക്കാൻ വിട്ടു.ശേഷം ഞങ്ങൾക്ക് ഒരു mock drill ഉണ്ടായിരുന്നു .അത് ഒരുപാട് അറിവുകൾ തന്ന ക്ലാസ്സ് ആയിരുന്നു. തീപിടിച്ചാൽ എന്താണ് ചെയ്യേണ്ടത് എന്നതായിരുന്നു ക്ലാസ്സ് .നല്ല രസമുണ്ടായിരുന്നു. പിന്നീട്

മറ്റൊരു ക്ലാസ്സ് ആയിരുന്നു .നിർമൽ കുമാർ സർ നയിച്ച mental health-നെ പറ്റിയുള്ള ക്ലാസ്സ്. ഒരുപാട് ചിരിപ്പിച്ചു. ചിന്തിപ്പിച്ചു. ഞങ്ങളെ ഉച്ചഭക്ഷണം കഴിക്കാൻ വിട്ടു. അത് കഴിഞ്ഞ് സുധീഷ്ണ മാഡവും സാബിറ മാഡവും ചേർന്ന് നയിച്ച Digital Addiction നെ പറ്റിയുള്ള ക്ലാസ്സ് ആയിരുന്നു. പിന്നീട് "Meet the Hero" എന്ന പരിപാടിയിൽ ഹരിത കർമ സേനയെ പരിചയപ്പെട്ടു. അവർക്ക് നേരിടേണ്ടി വന്ന സങ്കടങ്ങളും, മറ്റുള്ളവരിൽ നിന്നുണ്ടായ അവഗണയും ഒക്കെ പങ്കുവച്ചു. എനിക്ക് ആ ക്യാമ്പിൽ ഒരുപാട് ഇഷ്ടപ്പെട്ട ഒരു പരിപാടി ആയിരുന്നു ഇത്.

ചായ കുടിച്ച ശേഷം ഗ്രൗണ്ടിൽ ഫോളിൻ ആയി. പരേഡ് പ്രാക്ടീസ് ചെയ്തു. അപ്പൊ ഞങ്ങളെ അവസാന ദിവസം പരേഡിന് വേണ്ടി 11 പ്ലാറ്റൂനുകളാക്കി തിരിച്ചു. അതിലും ഞാൻ ഒറ്റക്കായി .എന്റെ കൂട്ടുകാർ ആരും ഇല്ലായിരുന്നു. അവസാന പ്ലാറ്റൂനിലെ അവസാന അവസാനം ആയതു കൊണ്ട് കുറച്ച് സങ്കടം ഉണ്ടായിരുന്നു .പക്ഷെ മാർച്ച് പാസ്റ്റ് ചെയ്യുമ്പോൾ ഞാൻ VIP യുടെ അടുത്തുകൂടിയാണ് പോകുക എന്ന് അറിഞ്ഞ് എനിക്ക് നല്ല സന്തോഷം ആയി.

പരേഡ് കഴിഞ്ഞപ്പോഴേക്കും സമയം അതിക്രമിച്ചിരുന്നു. രാത്രി 6:45. ഞങ്ങൾ കുളി കഴിഞ്ഞ് 7 മണിക്ക് ഭക്ഷണം കഴിക്കാൻ വിളിച്ചു. ഞങ്ങൾ ഹാളിൽ പോയി ഇരുന്നു. കലാപരിപാടികൾ കാണാൻ വേണ്ടി ആയിരുന്നു. ഇന്ന് നല്ല രസമായിരുന്നു. മന്ദാരം മ്യൂസിക് ബാന്റിന്റെ വക നല്ല അടിപൊളി പാട്ടുകൾ. 10 മണി ആയപ്പോൾ ഉറങ്ങാൻ വിട്ടു. പിറ്റേദിവസവും ഇതേപോലെ തന്നെ രാവിലെ എഴുന്നേറ്റു. പരേഡ് പ്രാക്ടിസ് ചെയ്തു.പിന്നെ വീണ്ടും ക്ലാസുകൾ.

പക്ഷെ ഇന്ന് ഒരു പ്രത്യേക ദിവസമായിരുന്നു. ഇന്ന് Meet the Hero യിൽ അനുപ് ഗാർഗ് IAS ഉം നിഷാന്തിനി IPS ഉം ആയിരുന്നു അതിഥികൾ. എനിക്ക് അവരെ കണ്ടപ്പോൾ ഒരുപാട് സന്തോഷം തോന്നി. SPC യിൽ ചേർന്നത് കൊണ്ടാണ് എനിക്ക് ഇങ്ങനെ കാണാൻ ഭാഗ്യം ലഭിച്ചത്. അവരോടുള്ള സംവാദത്തിനു ശേഷം അനുപ് സർ ഞങ്ങൾക്കായി കൊണ്ട് വന്ന കേക്ക് മുറിച്ചു. സമീർ സർ നയിച്ച Drug Addiction നെ പറ്റിയുള്ള ക്ലാസ്സ് കഴിഞ്ഞ് ഞങ്ങളെ ഭക്ഷണം കഴിക്കാൻ വിട്ടു.

അടുത്ത ക്ലാസ്സ് Sexual Abuse നെ പറ്റിയുള്ളതായിരുന്നു സുമയ്യ മാഡം ആയിരുന്നു ഈ ക്ലാസ്സ് നയിച്ചത്. ആ ക്ലാസിൽ നിന്ന് ഒരുപാട് കാര്യങ്ങൾ മനസിലാക്കി. പിന്നെ Meet the Hero യിൽ ഉണ്ണി കാനായി സർ നയിച്ച Clay Modelling ആയിരുന്നു. അതിൽ ഒരു ചെറിയ കുട്ടിയെ അദ്ദേഹം കളിമണ്ണുകൊണ്ടുണ്ടാക്കി . നല്ല രസമുണ്ടായിരുന്നു ആ ശില്പം കാണാൻ. വീണ്ടും പരേഡ് പ്രാക്ടീസ് . Meet the Hero യിൽ P.P. ദിവ്യ മാഡത്തെ കണ്ടു. പിന്നെ കുളിക്കാൻ പോയി. റെഡി ആയി ഭക്ഷണം കഴിച്ച ഹാളിൽ പോയി ഇരുന്നു. കുറെ കുട്ടികളുടെ പരിപാടികൾ കണ്ടു. അതിനു ശേഷം കിടന്നുറങ്ങി.

അടുത്ത ദിവസം ആദ്യം Cyber Threats നെ പറ്റിയുള്ള ക്ലാസ്സ് ആയിരുന്നു. ക്ലാസ്സ് നയിച്ചത് ഷിജു സർ. അത് കഴിഞ്ഞ് ഭക്ഷണം. ഉച്ചയ്ക്ക് ഞങ്ങൾക്ക് Environment Degradation നെ പറ്റിയുള്ള ക്ലാസ്സ് ആയിരുന്നു. രവീന്ദ്രൻ സർ ആയിരുന്നു ക്ലാസ്സ്

എടുത്തത്. പിന്നെ Meet the Hero യിൽ ഓട്ടോ ഡ്രൈവേഴ്സിനെ പരിചയപെട്ടു. വീണ്ടും പരേഡ് പ്രാക്ടീസ്. രാത്രി Meet the Hero യിൽ ISRO Scientist P. M സിദ്ധാർത്ഥൻ  സാറേ പരിചയപ്പെട്ടു.


ഇന്ന് അവസാന ക്യാമ്പിന്റെ ദിവസം. ഇന്ന് രാവിലെ ceremonial parade ചെയ്തു . പിന്നീട് ഭക്ഷണം കഴിച്ചശേഷം   flag താഴ്ത്തി. അതോടെ നമ്മുടെ ക്യാമ്പ് അവസാനിച്ചു. പിന്നെ  Knowledge Fest ആയിരുന്നു.അത് കഴിഞ്ഞ് ഭക്ഷണവും കഴിച്ച് ഞങ്ങൾ പിരിഞ്ഞു.

മറക്കാനാവാത്ത ഒരുപാട് ഓർമകളും സുഹൃത്തുക്കളെയും സമ്മാനിച്ച ഒരു ക്യാമ്പ് ആയിരുന്നു ഇത് .എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അഞ്ചു ദിവസം.

കീർത്തന ജയദേവൻ
9 ബി.



പ്രത്യുഷ്  5 B




മിദ്‌ലാജ് കെ എം  5B



ആവണി കെ പി   5 C



അനന്യ പി പി   5 C

# നന്ദി



ടീം ലിറ്റിൽ കൈറ്റ്സ് ( 2023-26 ബാച്ച് )

## നന്ദി

രചനകൾ തന്നു സഹായിച്ചവർക്ക്...
ആശംസകൾ നേർന്നവർക്ക്..
കവർ ചിത്രം വരച്ചു തന്ന ആദിത്യറാമിന്..
അനുഭവങ്ങൾ പങ്കിട്ട അധ്യാപകർക്ക്..
കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നവർക്ക്..